IV. റിപ്പോർട്ട് സമർപ്പണം

2002-ലെ കൂടൽമാണിക്യം ദേവസ്വം ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, 2002-ലെ കൂടൽമാണിക്യം ദേവസ്വം ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഇത് വളരെ പ്രോഗ്രസീവ് ആയിട്ടുള്ള നിയമനിർമ്മാണമാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്നത് അനായാസമാക്കുന്നതിനും ഉദാരമാക്കുന്നതിനും വേണ്ടിയുള്ള നിയമനിർമ്മാണമാണ്. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ഇപ്പോൾ വായ്പയെടുക്കാൻ വളരെ നിയന്ത്രണങ്ങളും പ്രയാസങ്ങളുമുണ്ട്. ഒന്നാമതായിട്ട് വായ്പയെടുക്കുന്ന ആളിന്റെ ഭൂമി സെക്യൂരിറ്റിയായിട്ട് പണയപ്പെടുത്തണം. ആ പണയപ്പെടുത്തിയതിനെ സംബന്ധിച്ച് അയാളുടെ പ്രമാണങ്ങൾ കൊണ്ടുപോയി രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്. പണയപ്പെടുത്തുമ്പോഴോ ബാദ്ധ്യത സൃഷ്ടിക്കുമ്പോഴോ അവരുടെ വസ്തു സംബന്ധിച്ച് അസ്സൽ പ്രമാണങ്ങൾ ധനകാര്യ സ്ഥാപനങ്ങൾക്ക് ഈടായി നൽകേണ്ടതും അസ്സൽ പ്രമാണം നഷ്ടപ്പെട്ടുപോയാൽ പത്രപ്രസിദ്ധീകരണംവഴി അത് അത്തരം സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതുമുണ്ട്. കൂടാതെ വസ്തുവിന്റെ എൻകംബറൻസ് സർട്ടിഫിക്കറ്റ് നൽകണം. ലൊക്കേഷൻ സർട്ടിഫിക്കറ്റും നൽകണം. ഇങ്ങനെയുള്ള പല നടപടിക്രമങ്ങളുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കണമെന്നുണ്ടെങ്കിൽ അതുപോലെതന്നെ ഇത് രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാംപ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ഭീമമായ

LIBRARY ARCHIVES Kerala Legislative Assembly